**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6470** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാലവർഷ കെടുതിയിൽ തകരുന്ന റോഡുകളുടെ പുനരുദ്ധാരാണ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷം കാലവർഷ കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധരാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാലവർഷ കെട്ടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രം പ്രത്യേകം ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് 2020-21 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 314 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും, സംസ്ഥാന വിഹിതമായ 105 കോടി രൂപയും ചേർത്ത് ആകെ 419 കോടി രൂപ പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ ശീർഷകത്തിൽ 77,34,91,000/- രൂപ വകയിരുത്തുകയും 47,43,87,644/- രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയുടെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2021-22 സാമ്പത്തിക വർഷം കാലവർഷ കെടുതിയിൽ നശിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2021-22 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് കേന്ദ്ര വിഹിതമായി 251.2 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും സംസ്ഥാന വിഹിതമായ 83.74 കോടി രൂപയും ചേർത്ത് ആകെ 334.94 കോടി രൂപ വകയിരുത്തുകയുമുണ്ടായി. 2021-22 സാമ്പത്തിക വർഷം റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | 2021-22 വർഷത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എം.എൽ.എ മാർ മുഖേന നൽകിയ ശുപാർശയിൽ മേൽ ഫണ്ട് | (ഡി) | 2021-22 വർഷത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എം.എൽ.എ മാർ നൽകിയ ശുപാർശകൾ പരിശോധിച്ച് |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | ചെലവഴിച്ച തുക |
|---|---|
| തിരുവനന്തപുരം | 2,34,48,286 |
| കൊല്ലം | 2,83,40,427 |
| പത്തനംതിട്ട | 1,71,23,425 |
| ആലപ്പുഴ | 1,66,90,069 |
| കോട്ടയം | 2,39,60,596 |
| ഇടുക്കി | 5,09,94,249 |
| എറണാകുളം | 2,87,70,730 |
| തൃശ്ശൂർ | 2,80,06,568 |
| പാലക്കാട് | 4,32,13,965 |
| മലപ്പുറം | 3,39,27,765 |
| കോഴിക്കോട് | 5,75,52,138 |
| വയനാട് | 1,72,55,024 |
| കണ്ണൂർ | 6,43,11,884 |
| കാസറഗോഡ് | 4,07,92,518 |